**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :189**

**28.05.2019 ൽ മറുപടിക്ക്**

## പൊൻകുന്നം പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ. ജയരാജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) പൊൻകുന്നം പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 150 സെന്റ് സ്ഥലത്തിൽ എത്രഭാഗം നിലവിൽ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) പൊൻകുന്നം പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 150 സെന്റ് സ്ഥലത്തിൽ ഏകദേശം 100 സെന്റ് സ്ഥലത്ത് പൊൻകുന്നം പോലീസ് സ്റ്റേഷൻ, ഡി.വൈ.എസ്.പി. ഓഫീസ്, ക്വാർട്ടേഴ്സ് എന്നിവ പ്രവർത്തിച്ചുവരുന്നു. |
| ബി) ശോചനീയാവസ്ഥയിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ് പുതുക്കി പണിയുന്നതിനായി പദ്ധതി തയാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി തയാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;<br>സി) പ്രസ്തുത സ്ഥലത്ത് ക്വാർട്ടേഴ്സ് കോംപ്ലക്സ്, പരേഡ് ഗ്രൗണ്ട് എന്നിവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) യും സി) യും പൊൻകുന്നത്ത് പോലീസ് ക്വാർട്ടേഴ്സ് ആരംഭിക്കുന്നതിനുവേണ്ടി ഫണ്ടും ഭരണാനുമതിയും അനുവദിക്കുന്നതിനായി കോട്ടയം ജില്ലാ പോലീസ് മേധാവിയിൽ നിന്നും പ്രൊപ്പോസൽ പോലീസ് ആസ്ഥാനത്ത് ലഭ്യമാക്കിയിട്ടുള്ളതും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ബാക്കിയുള്ള സ്ഥലത്ത് പോലീസ് പരേഡ് ഗ്രൗണ്ട് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) പൊൻകുന്നത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ 15 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പിന് വിട്ടുനൽകുവാൻ അനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ? | ഡി) പൊൻകുന്നം പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 150 സെന്റ് സ്ഥലത്ത് പൊൻകുന്നം പോലീസ് സ്റ്റേഷൻ, ഡി.വൈ.എസ്.പി. ഓഫീസ്, ക്വാർട്ടേഴ്സ് എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥലം മുഴുവനും പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. |

സെക്ഷൻ ഓഫീസർ